**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:**1830** 17.03.2015 ൽ മറുപടിയ്ക്ക്

**എൻ ഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ധനസഹായം**

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
|---|---|
| (എ) 2010 ഡിസംബർ 31 ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് എത്ര എൻ ഡോസൾഫാൻ ദുരിത ബാധിതർക്ക് സഹായം ലഭിച്ചുവെന്ന് കണക്കുകൾ സഹിതം വിശദമാക്കാമോ;<br><br>(ബി) കമ്മീഷൻ ശുപാർശ നടപ്പിലാക്കുന്നതിനുള്ള കാലാവധി എത്രയാണെന്ന് വിശദമാക്കാമോ;<br><br>(സി) എൻ ഡോസൾഫാൻ ദുരിതബാധിതരുടെ നിലവിലുള്ള പട്ടികയിൽ എത്ര പേരാണുള്ളതെന്നും, ഇതിൽ എത്രപേർക്ക് ധനസഹായം പൂർണ്ണമായും അനുവദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ; | (എ), (ബി), (സി) & (ഡി) എൻ ഡോസൾഫാൻ ദുരിത ബാധിതരുടെ നിലവിലുള്ള പട്ടികയിൽ 5227 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഒന്നാം ഗഡു ധനസഹായമനുവദിച്ച 4182 പേർക്കും, 2013 ആഗസ്റ്റ് മാസത്തെ മെഡിക്കൽ ക്യാമ്പുകളിൽ നിന്നും കണ്ടെത്തിയ ദുരിതബാധിതർക്കും രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ദുരിതബാധിതരുടെ കടങ്ങൾ എഴുതിതള്ളുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ കടബാധ്യതകൾ എഴുതിത്തള്ളിയെന്ന് വ്യക്തമാക്കാമോ? | (ഡി) നിലവിൽ ആരുടെയും വായ്പകൾ എഴുതിത്തള്ളിയിട്ടില്ല. വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ